ഉത്തരം

(എ) 6962 അപേക്ഷകൾ.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) സാധന സാമഗ്രികളുടെ ലഭ്യതയ്ക്കും മുൻഗണനാക്രമത്തിനും വിധേയമായി കണക്ഷനുകൾ നൽകിവരുന്നു.

വൈദ്യുതി ബോർഡിനായി വകയിരുത്തിയ തുക

126 (909)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ വൈദ്യുതി ബോർഡിന് എത്രകോടി രൂപയാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ കേരളത്തിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വൈദ്യുതി വിറ്റ വകയിൽ എത്ര കോടി രൂപ വരുമാനം ഉണ്ടായതായി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ വൈദ്യുതിബോർഡ് ജീവനക്കാരുടെ ശമ്പളമിനത്തിൽ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ പ്രഖ്യാപിച്ച വൈദ്യുതി ചാർജ്ജ് വർദ്ധനവിലൂടെ എത്ര കോടി രൂപ അധികവരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന് വായ്പയായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശം :-

1996-97 - 81.05 കോടി രൂപ

1997-98 - 211.05 കോടി രൂപ

1998-99 - 124.65 കോടി രൂപ

(ബി) 1996-97 - 5502.86 മില്യൻ യൂണിറ്റ്

1997-98. - 5189.00 മില്യൻ യൂണിറ്റ്

1998-99 - 7155.50 മില്യൻ യൂണിറ്റ്

(സി) 1996-97 - 691.88 കോടി രൂപ

1997-98 - 977.29 കോടി രൂപ

1998-99 ലെ വാർഷിക കണക്ക് പൂർത്തിയായിട്ടില്ല. 98-99 ലെ പുതുക്കിയ ബഡ്ജറ്റ് അനുസരിച്ച് ലഭ്യമാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നത് 1246.29 കോടി രൂപയാണ്.

(ഡി) ശമ്പളമിനത്തിൽ ചെലവായ തുക :-

1996-97 - 251.75 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

1997-98 - 274.89 കോടി രൂപ

1998-99 ലെ പുതുക്കിയ ബഡ്ജറ്റ് അനുസരിച്ച് ചെലവാകുമെന്ന് കണക്കാക്കപ്പെട്ടിട്ടുള്ളത് 324.87 കോടി രൂപയാണ്.

(ഇ) പ്രതിവർഷം 492 കോടി രൂപ.

സംസ്ഥാനത്ത് നിലവിലുള്ള ലോഡ് ഷെഡ്ഡിംഗ്

127 (910)ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടണപ്രദേശങ്ങളിൽ പിൻവലിച്ച വിദ്യുച്ഛക്തി ലോഡ് ഷെഡ്ഡിംഗ് സംസ്ഥാനത്താകെ പിൻവലിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്താകെ വിദ്യുച്ഛക്തി ലോഡ്ഷെഡ്ഡിംഗ് എപ്പോൾ പിൻവലിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പീക്ക്ലോഡ് സമയത്തെ ആവശ്യത്തിനനുസരിച്ചുള്ള വൈദ്യുതി വഹിക്കുന്നതിന് പ്രസരണവിതരണശൃംഖലയുടെ ശേഷി കുറവാണ് ലോഡ്ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കാതിരിക്കുന്നതിനുള്ള തടസ്സങ്ങൾ.

(ബി) പ്രസരണ-വിതരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കിവരുന്നു. ശൃംഖലയുടെ ശേഷി വർദ്ധിക്കുന്നതനുസരിച്ച് ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കുന്നതാണ്.

ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനുള്ള നടപടി

128 (911)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ജോർജ് ജെ. മാത്യൂ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോഡ്ഷെഡ്ഡിംഗ് നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ ലോഡ് ഷെഡ്ഡിംഗ് തുടരുന്ന സാഹചര്യമെന്താണ്;

(സി) ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന ജലവൈദ്യുതിയും താപവൈദ്യുതിയും എത്രയാണ്;

(ഡി) വിലയ്ക്കു വാങ്ങുന്ന താപവൈദ്യുതിയും കേന്ദ്രഗ്രിഡിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയും എത്രയാണ്;

(ഇ) ഇത്രയും വൈദ്യുതി ലഭ്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly